## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.835 25/01/2018-ൽ മറുപടിയ്ക്ക്**

## <u>പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ : | | ശ്രീ. എ.കെ.ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി | |
| (എ) | പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾ പഠനം ഇടയ്ക്ക് വച്ച് നിർത്തുന്നത് തടയുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) യും (ബി) യും | പട്ടികവർഗ്ഗ വിദ്യാത്ഥികൾക്കിടയിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവൽക്കരണം, വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി "ഗോത്രസാരഥി" പദ്ധതി എന്നിവ നടത്തി വരുന്നു. കൂടാതെ മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നല്കി വരുന്നു. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ടിടിസി / ബി.എഡ് / ഡി.എഡ് പാസായ പട്ടികവർഗ്ഗക്കാരിൽ നിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ അദ്ധ്യാപകരായി നിയമിക്കുന്ന "ഗോത്രബന്ധു" പദ്ധതി 2017-18 അദ്ധ്യായന വർഷം നടപ്പിലാക്കി |
| (ബി) | പട്ടികജാതി വർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട്ടിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ഗോത്ര വിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | | |
| (സി) | മുടങ്ങാതെ സ്കൂളിലെത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതിക്ക് 2017-ൽ എത്ര തുക അനുവദിച്ചു എന്നറിയിക്കാമോ? | (സി) | സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന സഹായം നല്കുന്ന പദ്ധതി നിലവിലുണ്ട്. അതാതു അധ്യായന വർഷം ജൂൺ മുതൽ ജനുവരി മാസം വരെയുള്ള 75% ശരാശരി ഹാജറിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നല്കുന്നത്. ഈ വർഷത്തെ കണക്ക് ലഭിക്കുന്ന മുറയ്ക്ക് 2017 ജനുവരി മാസം അവസാനത്തോടെ ഈ അദ്ധ്യയന വർഷത്തെ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ